(സി) ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിന് നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം II ആയി ചേർത്തിരിക്കുന്നു.†

(ഡി) കടബാദ്ധ്യതമൂലം കഷ്ടത അനുഭവിക്കുന്ന കർഷകരെ സംരക്ഷിക്കുന്നതിനായി സർക്കാർ കൈക്കൊണ്ടിട്ടുള്ള ആശ്വാസ പദ്ധതികൾ അനുബന്ധം III ആയി ചേർത്തിട്ടുണ്ട്.†

(ഇ) കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ പ്രകൃതിക്ഷോഭംമൂലം സംസ്ഥാനത്ത് 842.45 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

(എഫ്) കേന്ദ്രത്തിൽനിന്നും ലഭിച്ച സഹായം സംബന്ധിച്ച വിവരം ശേഖരിച്ച് വരുന്നു.

കാർഷിക മേഖലയിലെ പ്രശ്നങ്ങളാൽ ഉണ്ടായിട്ടുള്ള കർഷക ആത്മഹത്യ

102 [402] *ശ്രീ. ടി. കെ. ശിവകുമാർ*:
,, *വി. കെ. ചന്ദ്രൻ*:
,, *പി. ജയരാജൻ*:
,, *എം. പ്രകാശൻ മാസ്റ്റർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലുണ്ടായിട്ടുള്ള വിലത്തകർച്ചയും കടക്കെണിയുംമൂലം സംസ്ഥാനത്ത് ഇപ്പോഴും കർഷകർ ആത്മഹത്യ ചെയ്യുന്നവിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2005 ജനുവരിക്കുശേഷം സംസ്ഥാനത്ത് കടക്കെണിമൂലം എത്ര കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് പറയാമോ;

(സി) ഇവരുടെ കുടുംബങ്ങളെ സഹായിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ;

(ഡി) സർക്കാർ പ്രഖ്യാപിച്ച ആശ്വാസ നടപടികൾ ഒന്നും കർഷകരിൽ എത്തുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ സഹായിക്കാൻ കേന്ദ്രത്തിൽ നിന്നും എന്ത് തുകയാണ് ലഭിച്ചത്; ഇതിൽ എന്തുതുക വിതരണം ചെയ്തു;

(എഫ്) ആത്മഹത്യ ചെയ്ത എത്ര കർഷക കുടുംബങ്ങൾക്ക് ധനസഹായം നൽകിയിട്ടുണ്ട്; ഇതിൽ സംസ്ഥാന സർക്കാർ നൽകിയ ധനസഹായത്തിന്റെ വിശദാംശം വെളിപ്പെടുത്തുമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) & (സി) ഇതു സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഇല്ല.

(ഇ) ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങളെ സഹായിക്കാൻ കേന്ദ്രത്തിൽനിന്ന് ധനസഹായമൊന്നും ലഭിച്ചിട്ടില്ല.

(എഫ്) വയനാട്ടിൽ കാർഷിക കടംമൂലം ആത്മഹത്യ ചെയ്ത 39 കർഷകരുടെ കുടുംബങ്ങൾക്ക് 50,000 രൂപ വീതം ധനസഹായം നൽകിക്കഴിഞ്ഞു. കൂടാതെ സംസ്ഥാനത്ത് ഇതുവരെയും ധനസഹായം ലഭിച്ചിട്ടില്ലാത്ത 160 കർഷകരുടെ കുടുംബങ്ങൾക്ക് കൂടി 50,000 രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചു നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

നെൽകൃഷി വികസനത്തിന് നടപടി

103 [403] *ശ്രീ. എ. കെ. ബാലൻ*:
,, *കെ. വി. കുഞ്ഞിരാമൻ*:
,, *കെ. രാധാകൃഷ്ണൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വികസനത്തിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നെൽകൃഷിയെ പ്രോൽസാഹിപ്പിക്കുവാൻ കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് പറയാമോ;

(സി) നെൽകൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതി വർഷംതോറും കുറഞ്ഞുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഇതു സംബന്ധിച്ച പഠനം വല്ലതും നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമാക്കുമോ;

(എഫ്) ഇപ്പോൾ എത്ര ഹെക്ടർ നെൽപ്പാടമാണ് തരിശായി കിടക്കുന്നതെന്ന് പറയാമോ;

LIBRARY ARCHIVES Kerala Legislative Assembly